# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1718**

**05/12/2014 -ൽ മറുപടിക്ക്**

## കേരസമൃദ്ധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എം.എ. വാഹീദ് | **ശ്രീ.കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരസമൃദ്ധി എന്ന പദ്ധതിയുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട് |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) 2014-15 വർഷത്തിൽ കുറിയ ഇനം/സങ്കരയിനം തെങ്ങുകൃഷി കർഷകർക്കിടയിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കേരസമൃദ്ധി. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാനത്ത് കുറിയ ഇനം തെങ്ങുകൃഷി 25% സ്ഥലത്ത് വ്യാപിപ്പിക്കുക.<br>2. സംസ്ഥാനത്ത് 10% സ്ഥലത്ത് സങ്കരയിനം തെങ്ങു കൃഷി വ്യാപിപ്പിക്കുക.<br>3. കുറിയ ഇനം വിത്തുതേങ്ങയുടെ ഉത്പാദനത്തിനായി കൃഷി വകുപ്പിന്റെ തെരഞ്ഞെടുത്ത ഫാമുകളിൽ 50 ഹെക്ടർ സ്ഥലത്ത് മാതൃവൃക്ഷത്തോട്ടങ്ങൾ ഉണ്ടാക്കുക.<br>4. ഹൈബ്രിഡൈസേഷനുവേണ്ടി കൃഷി വകുപ്പിന്റെ തെരഞ്ഞെടുത്ത ഫാമുകളിൽ 10 ഹെക്ടർ സ്ഥലത്ത് കുറിയ ഇനം തെങ്ങുകളുടെ germplasm ശേഖരം ഉണ്ടാക്കുക.<br>5. ഹൈബ്രിഡൈസേഷനുവേണ്ടി നൈപുണ്യമുള്ള തൊഴിലാളികളെ സജ്ജമാക്കുക.<br>6. നിലവിലെ ആവശ്യകത അനുസരിച്ച് WCT തെങ്ങിൻതൈകൾ വിതരണം ചെയ്യുക.<br>7. സംസ്ഥാനത്ത് തേങ്ങയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക. |
| സി) നാളികേര വികസനത്തിനും കേര സുഭിക്ഷയ്ക്കും എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കുറിയ ഇനം വിത്തുതേങ്ങകൾ സംഭരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.<br>2. കുറിയ ഇനം മാതൃവൃക്ഷങ്ങൾ കണ്ടെത്തുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. |

3. കുറിയ ഇനം തെങ്ങുകൾ കണ്ടുപിടിക്കുന്നതിനുള്ള പ്രക്രിയയിൽ സഹായിക്കുന്നതിന് ജില്ലകളിൽ ടെക്നിക്കൽ ഉദ്യോഗസ്ഥരെ നിയമിക്കൽ.
4. ഫാമുകളിലെ കുറിയ ഇനം തെങ്ങിൻതൈകളുടെ ഉല്പാദന പ്രക്രിയയിൽ തെങ്ങിൻതൈകളുടെ പരിപാലനത്തിന് ധനസഹായം.
5. DXT (സങ്കരയിനം) തെങ്ങിൻതൈ ഉല്പാദനത്തിന് കുറിയ ഇനം മാതൃവൃക്ഷങ്ങളിൽ പ്രോജക്ടടിസ്ഥാനത്തിൽ ഹൈബ്രിഡൈസേഷൻ പരിപാടി.
6. ഹൈബ്രിഡൈസേഷനുവേണ്ടി നൈപുണ്യമുള്ള തൊഴിലാളികളെ സജ്ജരാക്കുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.
7. കുറിയ ഇനം തെങ്ങിൻതൈകൾ വാങ്ങി വിതരണം ചെയ്യൽ.
8. കൃഷി വകുപ്പിന്റെ ഫാമുകളിൽ കുറിയ ഇനം തെങ്ങിൻതൈകളുടെ മാതൃവൃക്ഷത്തോട്ടം നിർമ്മിക്കൽ.
9. ഹൈബ്രിഡൈസേഷനുവേണ്ടി കൃഷി വകുപ്പിന്റെ തെരഞ്ഞെടുത്ത ഫാമുകളിൽ സൂക്ഷ്മ ജലസേചന സംവിധാനം സ്ഥാപിക്കൽ.

ഇവ കൂടാതെ വിത്തു തേങ്ങ കർഷകർക്കിടയിൽ നിന്ന് ശേഖരിച്ച് ഫാമുകളിൽ എത്തിക്കുന്നതിനും തൈകളുടെ വിതരണത്തിനുള്ള ട്രാൻപോർട്ടേഷൻ ചെലവു കൾ, ഹൈബ്രിഡൈസേഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| | |
|---|---|
| ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ? | ഡി) 2014-15 വർഷത്തിൽ കേരസമൃദ്ധി പദ്ധതിയ്ക്കായി 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുള്ള പദ്ധതി മാർഗ്ഗരേഖ കൃഷിഭവൻ തലം വരെ ലഭ്യമാക്കി കഴിഞ്ഞു. സംസ്ഥാന തലത്തിൽ ജില്ലാതല ഉദ്യോഗസ്ഥൻമാരുടെ യോഗങ്ങളും, ജില്ലാതലത്തിൽ പദ്ധതി നിർവ്വഹണചുമതലയുള്ള ഉദ്യോഗസ്ഥരുടെയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചുകൂട്ടി പദ്ധതി നടത്തിപ്പ് ചർച്ച ചെയ്തു കഴിഞ്ഞു. മാസംതോറും പദ്ധതി അവലോകനവും നടന്നുവരുന്നു. കൂടാതെ ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരും ജില്ലാതല ഉദ്യോഗസ്ഥരും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി പദ്ധതി നടത്തിപ്പും പുരോഗതിയും അവലോകനം ചെയ്തു വരുന്നു. |

Swapna

സെക്ഷൻ ഓഫീസർ